പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1445 — 10-02-2020-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്. ശർമ്മ**<br>**ശ്രീ.സി.കെ. ശശീന്ദ്രൻ**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.എസ്. രാജേന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) | ദീർഘകാലാടിസ്ഥാനത്തിൽ പച്ചക്കറി വികസനത്തിന് വേണ്ടിയും നാളികേര വികസനത്തിനു വേണ്ടിയും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നാളികേര വികസനത്തിനു വേണ്ടി 'കോക്കനട്ട് കൗൺസിൽ' രൂപീകരിച്ച് പത്തു വർഷത്തേക്ക് തുടർച്ചയായി നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത 10 വർഷം കൊണ്ട് 1.44 ലക്ഷം ഹെക്ടറിൽ നാളികേര കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി ഓരോ വാർഡിലും 72 തെങ്ങിൻ തൈകൾ വീതം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ജനുവരി 2020 മുതൽ 2021 വിഷു വരെയുള്ള കാലയളവിലേക്ക് വേണ്ടി ആരംഭിച്ചിട്ടുണ്ട്. അഗ്രോ പാർക്കുകൾ കർഷകർ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണന സൗകര്യങ്ങൾ, മൂല്യവർദ്ധനവിനുള്ള സൗകര്യങ്ങൾ, ചെറുകിട പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കൂടി വേണ്ടിയാണ് സ്ഥാപിക്കുന്നത്. കൂടാതെ യന്ത്രവത്കരണം, വിജ്ഞാന വ്യാപനം, മണ്ണ് പരിശോധന സഹായം, മറ്റു സാങ്കേതിക സഹായങ്ങൾ നൽകുന്നതടക്കമുള്ള സേവനങ്ങൾ സംയോജിപ്പിച്ച് നൽകുന്നതിനുവേണ്ടി കാർഷിക സേവനകേന്ദ്രങ്ങളുടെയും |

| | | | |
|---|---|---|---|
| | | | കാർഷിക കർമ്മ സേനകളുടെയും സ്ഥാപനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളുടെയും, മറ്റ് ഓഫീസുകളുടെയും, പരിശീലന കേന്ദ്രങ്ങളുടെയും വിപണികളുടെയും, ലാബുകളുടെയും അടിസ്ഥാന സൗകര്യ വികസനം, ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ്.<br>സംസ്ഥാനത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഭൂരിഭാഗം പദ്ധതികളും വാർഷിക പദ്ധതികൾ ആണെങ്കിൽ കൂടി ദീർഘകാലാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടോടുകൂടിയാണ് അവ നടപ്പിലാക്കുന്നത്. |
| **(ബി)** | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ജീവനി എന്ന പേരിൽ നൂതന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | **(ബി)** | ഉണ്ട്. സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു. |
| **(സി)** | സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്ന ഈ പദ്ധതിയിൽ മറ്റ് ഏതെല്ലാം വകുപ്പുകളാണ് പങ്കാളികളാകുന്നതെന്ന് വിശദമാക്കാമോ; | **(സി)** | ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കുടുംബശ്രീ, ഹരിത കേരള മിഷന്റെ ഉപഘടകമായ 'സുജലം സുഫലം' എന്നിവർ പങ്കാളികളാകുന്നുണ്ട്. |
| **(ഡി)** | പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | **(ഡി)** | പരമ്പരാഗത പച്ചക്കറി ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ, നാടൻ ഇനങ്ങളായ ആനക്കൊമ്പൻ, വെണ്ട, നിത്യവഴുതന, പട്ടുചീര, നാടൻ വെള്ളരി, വേങ്ങേരി വഴുതന, അരിക്കൊഴിഞ്ഞി പയർ, അഞ്ചൽ പയർ, പുള്ളിപ്പയർ, വട്ടിവഴുതന, ഇലചേമ്പ്, കഞ്ഞിക്കുഴിപ്പയർ, മണിത്തക്കാളി, മലപ്പുണ്ട് വെളുത്തുള്ളി, ഓണക്കൂർ പാവൽ, ഏറ്റുമാനൂർ കോവൽ, പുതുപ്പാടി ലോക്കൽ പയർ, ചാവക്കാട് കുർക്ക, കോടാലി മുളക്, പൊട്ടുവെള്ളരി, ചെറുവള്ളി പാവൽ, എടയൂർമുളക്, എടക്കര കൈപ്പ, കുഷ്മാണ്ഡം കുമ്പളം, വള്ളിച്ചീര, കാർക്കുന്തൽ പയർ, കളത്തനാടൻ പയർ, വെള്ള ചൗചൗ, വള്ളിച്ചീര, ഇരിനാവ് വെള്ളരി, മുള്ളൻ |

| | | | |
|---|---|---|---|
| | | | കക്കിരി, പൊന്നൻ വെള്ളരി, ചതുരപ്പയർ, കാഞ്ഞങ്ങാട് ലോക്കൽ പയർ, ആട്ടുകൊമ്പ്, അമര മുതലായവ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനായുള്ള വിത്തു കൈമാറ്റ കൂട്ടായ്മകളും "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം



'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെ സംസ്ഥാനത്തൊട്ടാകെ സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനായി ജീവനി - നമ്മുടെ കൃഷി,നമ്മുടെ ആരോഗ്യം' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം-ബി) വകുപ്പ്

സ.ഉ.(സാധാ) നം.1220/2019/കൃഷി   തീയതി,തിരുവനന്തപുരം, 13/12/2019

---

പരാമർശം:- 1   15.11.2019 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം

2   കൃഷി ഡയറക്ടറുടെ 05.12.2019 ലെ വി.സി.38030/2019 നം കത്ത്.

<u>ഉത്തരവ്</u>

കൃഷി ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പദ്ധതിയ്ക്കായി പ്രാധാന്യം നൽകി നടപ്പിലാക്കുന്ന 21 പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തിരഞ്ഞെടുത്ത് പ്രചരിപ്പിക്കുക. (വ്ലാത്താങ്കര ചീര, അഗത്തി ചീര, നിത്യ വഴുതന, വേങ്ങേരി വഴുതന, ആനക്കൊമ്പൻ വെണ്ട, മഞ്ചേശ്വരം വെണ്ട, പുള്ളിപയർ, കുരുമണി പയർ, മലയാറ്റൂർ വെണ്ട, ഇടയൂർ മുളക് ,പലതരം നാടൻ പച്ചക്കറിയിനങ്ങൾ,വിവിധ കിഴങ്ങുവർഗ്ഗ വിളകൾ തുടങ്ങിയവ)

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പല തരം ചീരകൾ,വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/ സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷി ഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും, ബോധവല്ക്കരണവും സംഘടിപ്പിക്കുക.ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ,ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്.

6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ / മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവ രീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക. അതോടൊപ്പം നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകൾ വിപുലീകരിക്കുകയും വിവിധ വർഷങ്ങളിലായി നിലനിൽക്കുന്ന റിവോൾവിംഗ് ഫണ്ട് ഈ പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിക്കാവുന്നതാണ്.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക. (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും, കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദൈവാര ഉല്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. കർഷകർക്ക് സാങ്കേതിക വൈദഗദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.യുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലൈറ്റർ (വെജിറ്റബിൾ സെൽ) പ്രതിമാസ ടി.വി ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100 ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ടപരിശോധന ഫലം സർക്കാർ വെബ് സൈറ്റിലൂടെ പൊതു ജനങ്ങൾക്കു ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക

2) മേൽ പരാമർശിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ നിന്നും കണ്ടെത്തേണ്ടതാണ് .

3) "ജീവനി – നമ്മുടെ കൃഷി , നമ്മുടെ ആരോഗ്യം" പദ്ധതിയുടെ നടത്തിപ്പിനുള്ള സംസ്ഥാന തല കമ്മിറ്റി അനുബന്ധം -1 ൽ ചേർത്തിരിക്കുന്നു. സംസ്ഥാനതല കമ്മിറ്റി ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സ് കൃഷി ഡയറക്ടർ രൂപീകരിക്കേണ്ടതും ഓരോ ജില്ലയുടേയു ചുമതല ഓരോ ടാസ്ക് ഫോഴ്സ് അംഗത്തിനും വീതിച്ച് നൽകേണ്ടതുമാണ് . ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ ഘടന അനുബന്ധം – 2 ൽ ചേർത്തിരിക്കുന്നു.

4) "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുമായി ബന്ധപ്പെടുത്തി താഴെ പറയുന്ന ഘടകങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

- നിലവിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള 63 ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിത്തുകളും

തൈകളും ഈ പദ്ധതിയിൻ കീഴിൽ നടപ്പ വർഷം സൗജന്യമായി കൃഷി ഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

- 50 ഹെക്ടറിൽ കൂടുതൽ പച്ചക്കറി കൃഷിയുള്ള പഞ്ചായത്തുകളെ ജീവനി പച്ചക്കറി ഗ്രാമമായും 500 ഹെക്ടറിൽ കൂടുതൽ പച്ചക്കറികൃഷിയുള്ള ബ്ലോക്കുകളെ ജീവനി ഹരിത ബ്ലോക്ക് ആയും 10 ഹെക്ടറിൽ കൂടുതൽ പച്ചക്കറിയുള്ള കോർപ്പറേഷൻ/മുൻസിപ്പാലിറ്റികളെ ജീവനി ഹരിത നഗരമായും നാമകരണം ചെയ്യുക. കൂടാതെ ഈ പ്രദേശങ്ങളിൽ നിലവിലുള്ള പച്ചക്കറി കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന് നടപടി സ്വീകരിക്കുക.

- പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി - ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അംഗൻവാടി, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

- വിപണി സാധ്യത ഉറപ്പ വരുത്തുന്നതിനായി രജിസ്റ്റർ ചെയ്ത എ ഗ്രേഡ് ക്ലസ്റ്ററുകളുടെയും , സൂപ്പർ ക്ലസ്റ്ററുകളുടെയും അപ്പെക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുക. ഇക്കോഷോപ്പുകളുടെ അപ്പെക്സ് ബോഡിയും ജില്ലാതലത്തിൽ രൂപീകരിക്കുക. ഇതിനാവശ്യമായി വരുന്ന ഫണ്ട് ആത്മയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

- നഗര പ്രദേശങ്ങളായ കോർപ്പറേഷനുകളിൽ 10 ഹരിത ഗ്രൂപ്പം, മുൻസിപ്പാലിറ്റികളിൽ 2 ഉം ഉല്പാദനോപാധികളുടെ വിപണന കേന്ദ്രമായി രൂപീകരിക്കുക.

- നിലവിലുള്ള പച്ചക്കറി ക്ലസ്റ്ററുകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവയുടെ പ്രദർശനം ദൃശ്യമാദ്ധ്യമങ്ങളിൽ (കിസാൻ കൃഷി ദീപം) സംഘടിപ്പിക്കുക.

- പച്ചക്കറി വികസന പദ്ധതിയിൽ നിലവിൽ നടപ്പിലാക്കി വരുന്ന ഘടകങ്ങൾ മറ്റ് പദ്ധതികളായ ആത്മ, ഓർഗാനിക് ഫാമിംഗ്, വി.എഫ്.പി.സി.കെ., മാർക്കറ്റിംഗ്, എസ്.എച്ച്.എം., എസ്.എഫ്.എ.സി ,എൽ.എസ്.ജി.ഡി ,കുടുംബശ്രീ,ഹരിത കേരള മിഷന്റെ ഉപഘടകമായ 'സുജലം സുഫലം' തുടങ്ങിയവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

- "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയ്ക്ക് അനുപൂരകമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

- പഞ്ചായത്ത് തലത്തിൽ ഇക്കോഷോപ്പ്, വിപണി, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ബി.എൽ.എഫ്.ഒ.,

ഹരിത ഗ്രൂപ്പ് എന്നിവ വിപുലീകരിച്ച് അതുവഴി ജൈവ ഉല്പാദന ഉപാധികൾ, ജൈവ കീടനാശിനികൾ, കാർഷിക സർവ്വകലാശാല രൂപകൽപന ചെയ്ത പുതിയതരം പച്ചക്കറി വിത്തുകൾ, പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ, സ്പ്രെയർ തുടങ്ങിയ ലഘു കാർഷികോപകരണങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക. ഇവരുടെ ഫോൺ നമ്പർ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിന്റെ കൂടെയുള്ള ലഘു ലേഖകളിൽ ഉൾപ്പെടുത്തി കൃഷിക്കാർക്ക് ലഭ്യമാക്കുക.

- പച്ചക്കറി കൃഷിയ്ക്കായുള്ള 10 ഹോട്ട്സ്പോട്ടുകൾ തിരഞ്ഞെടുത്ത് അവിടങ്ങളിൽ പച്ചക്കറി ഉല്പാദനത്തിനും വിപണനത്തിനുമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുക. (വാമനപുരം, പാറശ്ശാല, പഴയന്നൂർ, എലവൻഞ്ചേരി, വട്ടവട തുടങ്ങിയവ)

- പദ്ധതിയുടെ ഓരോ ഘടകങ്ങളും ഡോക്കുമെന്റ് ചെയ്യേണ്ടതും ആവശ്യമായ പ്രചരണം ഓരോ ഘട്ടത്തിലും നടത്തേണ്ടതുമാണ്.
- സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്ന ഒരു പദ്ധതി എന്ന അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളും പ്രചാരണ സംവിധാനങ്ങളും ഉപയുക്തമാക്കേണ്ടതാണ്.
- കർഷകർ, വീട്ടമ്മമാർ എന്നിവരടങ്ങിയ കൂട്ടായ്മകൾക്കു പരിശീലനം നൽകുവാൻ കൃഷിഭവൻ തലത്തിൽ, കൃഷി വകുപ്പ്/ കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പാനൽ തയ്യാറാക്കി അവരുടെ സന്നദ്ധ സേവനം ഉപയുക്തമാക്കേണ്ടതാണ്.
- ആത്മ, ലീഡ്സ്, വെജിറ്റബിൾ ഡവലപ് മെന്റ് പ്രോഗ്രാം, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, കർഷക മിത്ര, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാരുടെ സേവനം പദ്ധതി നടത്തിപ്പിൽ ഉപയുക്തമാമാക്കേണ്ടതാണ്.
- കേരളത്തിലെ എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ- ലെ ജനപ്രതിനിധികളുടെ (വാർഡ് മെമ്പർ) വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലെ ജൈവരീതിയിലുള്ള പോഷക പ്രദർശനത്തോട്ടം നിർമ്മിക്കേണ്ടതാണ്. ഇതാവശ്യമായ സഹായവും മേൽനോട്ടവും, കൃഷിഭവൻ, വി.എഫ്.പി.സി.കെ ജീവനക്കാർ വഴിയും ആത്മ, ലീഡ്സ്, വി.ഡി.പി, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാർ വഴിയും ലഭ്യമാക്കേണ്ടതും, ഈ പദ്ധതി ഘടകം 2020 ജനുവരി 15- ന് മുമ്പായി നടപ്പാക്കേണ്ടതുമാണ്.

- ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്, വൃക്ഷായുർവേദ എന്നിവ പ്രചരിപ്പിക്കുക.

- ഈ പദ്ധതിയിലെ മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- സംസ്ഥാന തല ടാസ്ക് ഫോഴ്സ് പദ്ധതിയുടെ അവലോകനം സൂക്ഷ്മമായി മോണിറ്റർ ചെയ്യേണ്ടതാണ്. കൂടാതെ വകുപ്പിന്റെ അവലോകന യോഗങ്ങൾ വഴിയും പദ്ധതി വിലയിരുത്തേണ്ടതാണ്.

5) സംസ്ഥാന വെജിറ്റബിൾ സെല്ലിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അനുബന്ധം- 3 ൽ ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.രത്തന്.യു.കേല്കര്**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം

രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി,തൃശ്ശൂർ

ഡയറക്ടർ, സമേതി,തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ,തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, കാക്കനാട്, കൊച്ചി.

മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം,തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ,

കവടിയാർ. പി.ഒ, തിരുവനന്തപുരം.

ഡയറക്ടർ, സമേതി, വെൺപാലവട്ടം, ആനയറ. പി.ഒ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, തൃശ്ശൂർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

കരുതൽ ഫയൽ   ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കാർഷികോല്പാദന കമ്മീഷണർ & അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

**<u>അനുബന്ധം - 1</u>**

സംസ്ഥാന തല കമ്മിറ്റി

കൃഷി ഡയറക്ടർ- അദ്ധ്യക്ഷൻ

കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോ & വെജി.) -   കൺവീനർ

ഡയറക്ടർ (സമേതി)

മാനേജിംഗ് ഡയറക്ടർ (എസ്.എഫ്.എ.സി)

മിഷൻ ഡയറക്ടർ (എസ്.എച്ച്.എം)

മാനേജിംഗ് ഡയറക്ടർ (ഹോർട്ടികോർപ്പ്)

കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)

കൃഷി അഡീഷണൽ ഡയറക്ടർ (സിപി)

കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്)

കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ)

കൃഷി അഡീഷണൽ ഡയറക്ടർ (എസ്.എച്ച്.എം)

കൃഷി ജോയിന്റ് ഡയറക്ടർ (വി,സി)- ജോയിന്റ് കൺവീനർ

കൃഷി ജോയിന്റ് ഡയറക്ടർ (എക്സ്റ്റൻഷൻ)- ജോയിന്റ് കൺവീനർ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്) - ജോയിന്റ് കൺവീനർ

കൃഷി ജോയിന്റ് ഡയറക്ടർ (എ.എസ്.എച്ച്.എം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (വി.എഫ്.പി.സി.കെ)

<u>അനുബന്ധം - 2</u>

<u>ജില്ലാതല കമ്മിറ്റി അംഗങ്ങൾ</u>

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ - അദ്ധ്യക്ഷൻ

പ്രോജക്ട് ഡയറക്ടർ, ആത്മ - ഉപാദ്ധ്യക്ഷൻ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) - കൺവീനർ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി)

ഡെപ്യൂട്ടി ഡയറക്ടർ, ആർ.എ.റ്റി.റ്റി.സി.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)

കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) - ജോയിന്റ് കൺവീനർ

കാർഷിക സർവ്വകലാശാല പ്രതിനിധി

വി.എഫ്.പി.സി.കെ. പ്രതിനിധി

ജില്ലാ കോപ്പറേറ്റീവ് ബാങ്ക് പ്രതിനിധി

വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി

അനുബന്ധം - 3

**(എ) എഫ്.ഐ.ബി. (ഫാം ഇൻഫർമേഷൻ ബ്യൂറോ)**

പദ്ധതിയ്ക്കായി സ്ലോഗൺ, ദൃശ്യഹ്രസ്വ ചിത്രങ്ങൾ (ഷോട്ട് ഫിലിം) എന്നിവ തയ്യാറാക്കുക. പദ്ധതിയുമായി ബന്ധപ്പെട്ട് IIITMK, കിസാൻ കൃഷി ദീപം എന്നിവയെ സംയോജിപ്പിച്ച് പ്രചാരണ പരിപാടികൾ നടപ്പിലാക്കുക.

**(ബി) വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരള)**

പദ്ധതിയ്ക്കാവശ്യമായ പച്ചക്കറി വിത്തുകളും, തൈകളും സമയാസമയങ്ങളിൽ ലഭ്യമാക്കുക.

**(സി) ആത്മ (അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി)**

ഈ പദ്ധതിയുടെ കീഴിലുള്ള പരിശീലന പരിപാടികൾ, ക്യാമ്പയിനുകൾ മിഷൻ പ്രോജക്ടുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ഡി) സമേതി (സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിംഗ്**

**ഇൻസ്റ്റിറ്റ്യൂട്ട്)/ ആർ.എ.റ്റി.റ്റി.സി.**

ഈ പദ്ധതിയ്ക്ക് വേണ്ട പരിശീലനം നൽകുക

**(ഇ) എസ്.എഫ്.എ.സി. (സ്മോൾ ഫാമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം)**

മിഷൻ പദ്ധതിയ്ക്കാവശ്യമായ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, (മൊബൈൽ ആപ്പ്) സ്റ്റാർട്ട് അപ്, എഫ്.പി.ഒ. എന്നിവ രൂപപ്പെടുത്തുക. 24X7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിക്കുക.

**(എഫ്) കിസാൻ കോൾ സെന്റർ**

മിഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കിസാൻ കോൾ സെന്ററിന് നൽകുക. അതുവഴി കൃഷിക്കാർക്ക് 24x7 മണിക്കൂറും പദ്ധതി വിവരങ്ങൾ ലഭ്യമാക്കുക.

**(ജി) സംസ്ഥാന തല കമ്മിററി**

സംസ്ഥാന തലത്തിലെ എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനം സംസ്ഥാനതല കമ്മിറ്റിയുടെ അദ്ധ്യക്ഷനായ കൃഷി ഡയറക്ടർ നടത്തേണ്ടതാണ്. സംസ്ഥാന തല കമ്മിറ്റിയുടെ അംഗങ്ങൾക്ക് ജില്ലകളുടെ പ്രത്യേക ചുമതല നൽകേണ്ടതും ആയതിന്റെ പ്രതിമാസ അവലോകനം നടത്തേണ്ടതുമാണ്.

**(എച്ച്) ഡയറക്ടറേറ്റിലെ മാർക്കറ്റിംഗ് സെക്ഷൻ**

വിപണനവുമായി ബന്ധപ്പെട്ട എല്ലാ വിഷയത്തിന്റെയും മേൽ നോട്ടം.

**(ഐ) ഡയറക്ടറേറ്റിലെ ഓർഗാനിക് ഫാമിംഗ് സെക്ഷൻ**

ഓർഗാനിക് ഫാമിംഗ് സ്കീമിൽ വരുന്ന ഇക്കോഷോപ്പ്, ജി.എ.പി. ക്ലസ്റ്റർ മുതലായവ മിഷൻ പ്രോജക്ട് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

**(ജെ) ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ**

ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ജില്ലതലത്തിൽ ഏകോപിപ്പിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്. പ്രതിമാസ അവലോകന റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

**(കെ) പ്രോജക്ട് ഡയറക്ടർ (ആത്മ)**

ആത്മ പദ്ധതിയിലെ പരിശീലനം, ഫാംസ് സ്കൂൾ, ഡെമോൺസ്ട്രേഷൻ, കിസാൻ ഗോഷ്ഠി തുടങ്ങിയ ഘടകങ്ങൾ 'ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

**(എൽ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA)**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) പച്ചക്കറിയുടെ നിലവിലുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിപണിയുമായി ബന്ധപ്പെട്ട ഘടകങ്ങളായ എ ഗ്രേഡ് ക്ലസ്റ്ററുകൾ, പൊട്ടൻഷ്യൽ ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ബി.എൽ.എഫ്.ഒ. വിപണി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവ വിപുലീകരിക്കുന്നതോടൊപ്പം നിലവിലുള്ള ഓർഗാനിക് ഫാമിംഗ് സ്കീം, ജി.എ.പി. പദ്ധതി, പി.കെ.വി.വൈ, കൃഷി വകുപ്പിനു കീഴിലുള്ള എല്ലാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(എം) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) ഡിപ്പാർമെന്റ് ഫാമിലെ വിത്തുകളുടെയും തൈകളുടെയും ലഭ്യത ഉറപ്പാക്കുക. 2020-21 ലേയ്ക്കുള്ള വിത്തും, തൈയും അധികമായി ഉല്പാദിപ്പിക്കുവാനുള്ള സ്ഥലം ഫാമുകളിൽ കണ്ടെത്തുക, കൂടാതെ ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ ട്രൈക്കോഡർമ്മ മുതലായ ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ടി പദ്ധതിയിലൂടെ വിതരണം ചെയ്യുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് മിഷൻ പദ്ധതിയുമായി സംയോജിപ്പിക്കുക.

**(എൻ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ &റ്റി)**

കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയുടെ പ്രവർത്തനം മിഷൻ പ്രോജക്ട് പദ്ധതിയുടെ ഉല്പാദനോപാധികളുടെ ലഭ്യതയ്ക്കായും, ഉല്പന്നങ്ങളുടെ വിപണനത്തിനായും സംയോജിപ്പിക്കുക. ബയോഫാർമസി, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഈ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ഒ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)**

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക മാർക്കറ്റിംഗ് എ.ഡി.എ മുഖാന്തിരം നടപ്പിലാക്കുന്ന സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുക.

**(പി) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി)**

ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതി മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ക്യൂ) എ.ഡി.എ. മാർക്കറ്റിംഗ്**

വിപണി സാധ്യത ഉറപ്പ് വരുത്താനായി രജിസ്റ്റർ ചെയ്ത എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളുടെയും, സൂപ്പർ ക്ലസ്റ്റർ മാർക്കറ്റുകളുടെയും, ഇക്കോഷോപ്പുകളുടെയും അപ്പെക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുക. ഈ അപ്പെക്സ് ബോഡി വഴി അതാത് ദിവസത്തെ പച്ചക്കറികളുടെ വില നിശ്ചയിച്ച് ബ്ലോക്ക് തല എ.ഡി.എ., വിപണി, ആഴ്ച ചന്തകൾ എന്നിവരെ അറിയിക്കുക. സംഭരണത്തിന്റെയും വിപണനത്തിന്റെയും മേൽ നോട്ടം വഹിക്കുക.

**(ആർ)** ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളും പ്രതിമാസ അവലോകന റിപ്പോർട്ട് ഇതിനായുള്ള പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ